## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 181

27-2-2009-ൽ മറുപടിക്ക്

### ടൂറിസം രംഗത്ത് സ്വീകരിച്ച സുരക്ഷിതത്വ നടപടികൾ

**ചോദ്യം**

ശ്രീ വി. ശിവൻകുട്ടി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ എസ്. രാജേന്ദ്രൻ :
ശ്രീ രാജു എബ്രഹാം :

(എ) മുംബൈയിലെ ഭീകരാക്രമണം കേരള ടൂറിസത്തെ എപ്രകാരം ബാധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

ശ്രീ കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

(എ) മുംബൈ ഭീകരാക്രമണം നടന്ന 2008 നവംബർ 26 ന് ശേഷം കേരളത്തിൽ വന്നെത്തിയ ടൂറിസ്റ്റുകളുടെ കണക്ക് പരിശോധിക്കുമ്പോൾ 2008 ഡിസംബർ മാസത്തിൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2007 നെ അപേക്ഷിച്ച് 1.05 ശതമാനം വർദ്ധനവ് കാണിക്കുന്നു. ഇത് മുൻ വർഷങ്ങളിലെ വളർച്ചാ നിരക്കിനെക്കാൾ തുലോം കുറവാണ്. ഇത് ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ചില രാജ്യങ്ങൾ സഞ്ചാരികളുടെ ശ്രദ്ധക്കായി പുറപ്പെടുവിച്ചിട്ടുള്ള 'അഡ്വൈസറികൾ' നിലനിൽക്കുന്ന സാഹചര്യത്തിലാണെന്ന് വിലയിരുത്തപ്പെടുന്നു.

മുംബൈയിലെ ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യക്കനുകൂലമല്ലാത്ത സഞ്ചാര നിർദ്ദേശങ്ങൾ വിവിധ രാജ്യങ്ങളുടെ എംബസികളിൽ നിന്ന് കൊടുത്തതിനാൽ കെ.ടി.ഡി.സി യുടെ

മസ്കറ്റ് ഹോട്ടലിലെ 1132 ഓളം മുറികളുടെ ക്യാൻസലേഷൻ ഉണ്ടായിട്ടുണ്ട്.

(സി) മുംബൈ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷിതത്വ നടപടികളുമായി ബന്ധപ്പെട്ട് ടൂറിസം രംഗത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) മുംബൈ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേരള ടൂറിസം വകുപ്പ് സംസ്ഥാന ആഭ്യന്തര വകുപ്പുമായി ചേർന്ന് 2009 ജനുവരി 1-ാം തീയതി തിരുവനന്തപുരത്തുള്ള മസ്കറ്റ് ഹോട്ടലിൽ വച്ച് കേരളത്തിലെ പ്രമുഖ ഹോട്ടൽ ഉടമകളുടെ ഒരു ഉന്നതതല യോഗം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനത്തെ കുറിച്ച് പഠിക്കുന്നതിനായി പോലീസിന്റെ നേതൃത്വത്തിൽ ഒരു സുരക്ഷാ ഓഡിറ്റ് നടത്താൻ തീരുമാനിച്ചു.

കൂടാതെ ടി ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പോലീസ് വകുപ്പ് സഞ്ചാരികൾ കൂടുതലായി വരുന്ന, വിശേഷിച്ച് വിദേശ സഞ്ചാരികൾ കൂടുതലായി വരുന്ന സ്ഥലങ്ങളിൽ ടൂറിസം പോലീസിന്റെ സഹായത്തോടെ മഫ്ടി പോലീസിനെ നിയോഗിച്ച് ശക്തമായ പോലീസ് പട്രോളിംഗും നിരീക്ഷണവും നടത്തി വരുന്നുണ്ട്. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രദേശങ്ങളിലെ ഹോട്ടലുകൾ, റിസോർട്ടുകൾ. റെസ്റ്റോറന്റുകൾ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രഹസ്യ നിരീക്ഷണവും നടത്തി വരുന്നുണ്ട്

| | | |
|---|---|---|
| (സി) | **കേരളത്തിൽ എത്തുന്ന വിദേശ ടൂറിസ്റ്റു കളെ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?** | (സി) വിദേശ സഞ്ചാരികൾ താമസിക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങിയ സ്ഥാപന ങ്ങളിൽ നിന്നും 'ഫോം സി' മുഖാന്തിരം സഞ്ചാരികളുടെ വിവര ങ്ങൾ SHO മാരും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളും ശേഖരിക്കുകയും വിലയിരുത്തപ്പെടു കയും ചെയ്തു വരുന്നു. കൂടാതെ കേര ളത്തിലെത്തുന്ന വിദേശ ടൂറിസ്റ്റുകളെ നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാ ക്കാനുള്ള നടപടികളും സ്വീകരിച്ചി ട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 182

27.02.2009- ൽ
മറുപടിക്ക്

## കയറുല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി.വിശ്വൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തര വിപണിയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തരവിപണിയും പ്രോത്സാഹിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സഹകരണ സംഘങ്ങൾക്കും ഓരോ വർഷത്തെയും ടേൺഓവറിന്റെ 10% വരെ തുക മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസായി നൽകി വരുന്നുണ്ട്. ഇതിന്റെ പകുതി കേന്ദ്രസഹായമാണ്. ഇതുകൂടാതെ കൈത്തറിയിലുണ്ടാക്കുന്ന കയറുല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനപദ്ധതി സംസ്ഥാന സർക്കാർ നേരിട്ടു നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി കയറ്റുമതിക്കാവശ്യമായ ഉല്പന്നങ്ങൾ സ്വകാര്യ കയറ്റുമതിക്കാർക്കും 5% ഡിസ്ക്കൗണ്ടോടെ ക്രയവില സ്ഥിരതാ പദ്ധതി വഴി നൽകി വന്നിരുന്നു. ഇപ്പോൾ |

അത് 7.5% ആക്കുകയാണ്. ആഭ്യന്തര വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ പ്രധാന നഗരങ്ങളിൽ ഉത്സവകാലയളവുകളിൽ വിൽപന മേളകൾ സംഘടിപ്പിച്ചു വരുന്നു. കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രധാന നഗരങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഷോറൂമുകളെ കയർ ഷോപ്പിയാക്കുന്ന നടപടിയും പുരോഗമിച്ചു വരുന്നു. കയർ ഉല്പന്നങ്ങൾ പരമാവധി വാങ്ങി ഉപയോഗിക്കണമെന്ന് തദ്ദേശ സ്ഥാപനങ്ങൾക്കും, സർക്കാർ വകുപ്പുകൾക്കും, പൊതു മേഖലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആഭ്യന്തരവിദേശ വിപണികളിൽ കേരളത്തിലെ കയറുല്പന്നങ്ങൾക്ക് കൂടുതൽ പ്രിയം വർദ്ധിപ്പിക്കുന്നതിനുള്ള ബ്രാന്റ് ബിൽഡിംഗ് നടപടികളുടെ ഭാഗമായി കേരളാ കയർ **"ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി"** എന്ന ബ്രാന്റ് നെയിം അംഗീകരിച്ചു. ഇതിന് ട്രേഡ്മാർക്ക് രജിസ്ട്രേഷൻ ഏറെ വൈകാതെ ലഭിക്കും എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്.

ആഭ്യന്തരവിദേശ വിപണികളിൽ സർക്കാർ മുൻകയ്യോടെയുള്ള ഇടപെടൽ ശക്തമാക്കുന്നതിനും, ശക്തമായ വിപണന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമായി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു ജനകീയ മാർക്കറ്റിംഗ് കമ്പനി (മാർക്കറ്റിംഗ് കൺസോർഷ്യം) രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ നേതൃത്വത്തിൽ രാജ്യത്തുടനീളം വിപണന ശൃംഗല ശക്തമാക്കാൻ കഴിയും.

കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നും ഏറ്റവമധികം കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നയാൾ, നവീന ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നയാൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി അവാർഡ് ഏർപ്പെടുത്തിക്കഴിഞ്ഞു. അത് അടുത്ത ദിവസം തന്നെ പരസ്യപ്പെടുത്തുന്നതാണ്.

| | |
|---|---|
| (ബി) സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി കയറുല്പന്ന വില്പന ശാലകൾ ആരംഭിക്കുന്ന പദ്ധതി എത്ര സഹകരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; | (ബി) 31.01.09 വരെ 529 പ്രാഥമിക സംഘങ്ങൾ വഴി വില്പന ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കയറുല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും മെച്ച പ്പെട്ട ഗുണമേന്മയ്ക്കുമായി സ്വീകരി ച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കു മോ; | (സി) നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (N.C.R.M.I) ന്റെ ആഭിമുഖ്യത്തിൽ കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്ക രണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തന ങ്ങൾ നടത്തി വരുന്നുണ്ട്. ആധുനിക രീതിയിലുള്ള ഉല്പാദനക്ഷമതയുള്ള സ്പിന്നിംഗ് മെഷീനുകൾ ചിറയിൻകീഴ്, ചേർത്തല, കൊയിലാണ്ടി എന്നിവിടങ്ങളിലെ കയർ സഹകരണ സംഘങ്ങളിൽ പരീക്ഷണാടിസ്ഥാ നത്തിൽ പ്രവർത്തിച്ചു വരുന്നു. കയർ ഉൽപന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി ഏകദേശം 15-ൽ പരം പുതിയ കയറുല്പന്നങ്ങൾ വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ NCRMI, RIAB - ന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തതിൽ തെരഞ്ഞെടുത്ത 10 എണ്ണം വ്യാവസായികാടി സ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്രാന്റ് ബിൽഡിംഗിന്റെ ഭാഗ മായി കയർ ഉല്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിലേയ്ക്കായി കയർ പൊതു മേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, കയർ സഹകരണ സംഘങ്ങൾ എന്നിവയിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) കരവിരുത് ആവശ്യമുള്ള പരമ്പരാഗത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>NCRMI യുടെ ആഭിമുഖ്യത്തിൽ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് പരമ്പരാഗത കയർ ഉല്പന്നങ്ങളായ mourzouek carpet, fibre mat, coir fender എന്നിവയിൽ കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് പരിശീലനം നൽകി വരുന്നു. ഇത്തരം ഉല്പന്നങ്ങളെ Heritage ഉല്പന്നങ്ങളാക്കി വിപണനം നടത്തണമെന്ന കയർകമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 183

27.02.2009 - ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ പലിശ നിരക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീമതി ജെ. അരുന്ധതി:<br>ശ്രീ. എം. ഹംസ :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. എം.എം. മോനായി : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും, കയറും, ദേവസ്വവും വകുപ്പു മന്ത്രി) |

(എ) സഹകരണ ബാങ്കുകളിൽ ഡെപ്പോസിറ്റുകൾക്ക് മെച്ചപ്പെട്ട പലിശ നൽകുന്നതിനും ദുർബല വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെയും ടി സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന വായ്പകളുടെയും പലിശ നിരക്കുകൾ സെൻട്രൽ ബാങ്കസ് കോൺഫറൻസ് ആണ് നിശ്ചയിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ ബാങ്കുകളിലേയും വാണിജ്യ ബാങ്കുകളിലെയും പലിശ നിരക്കുകളും ലഭ്യമായ ഫണ്ടിന്റെ കോസ്റ്റും കണക്കിലെടുത്ത് സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് കാലാകാലങ്ങളിൽ അവലോകനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെയും ടി സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന വായ്പകളുടെയും പലിശ നിരക്ക് നിശ്ചയിക്കുന്നു. പൊതുമേഖലാ ബാങ്കുകളും സ്ഥാപനങ്ങളും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്കു നൽകുന്ന പലിശ നിരക്കിനേക്കാൾ ഉയർന്ന നിരക്കിലുള്ള പലിശയാണ് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്കു നൽകുന്നത്. പൊതുമേഖലാ ബാങ്കുകളും സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന

വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കിലും ഏറെക്കുറെ കുറഞ്ഞ നിരക്കിലുള്ള പലിശയാണ് സഹകരണ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന വായ്പകൾക്ക് ഈടാക്കുന്നത്. ദുർബല വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 7% മായും നിജപ്പെടുത്തിയിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി വിവാഹ വായ്പയും, ചികിത്സാ വായ്പയും, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിൽ ഭൂമി ഉള്ളവർക്ക് ഇ.എം.എസ് പദ്ധതി പ്രകാരവും, കുടുംബശ്രീ പദ്ധതി പ്രകാരവും വീട് വയ്ക്കുന്നതിനുള്ള വായ്പയും, ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പയും കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്യുന്നു. പട്ടികജാതി/പട്ടി വർഗ്ഗക്കാർ, ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർ എന്നിവർക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന എല്ലാ കാർഷികേതര വായ്പകൾക്കും സാധാരണ ഈടാക്കുന്ന പലിശ നിരക്കിൽ നിന്നും 2% പലിശ കുറച്ചാണ് ഈടാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ദുർബല വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന വായ്പയുടെ പലിശ നിരക്ക് എത്രയാണ് ; | (ബി) | ദുർബല വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന വായ്പയുടെ പലിശ നിരക്ക് ചുവടെ പറയുന്നു. |

| | |
|---|---|
| ഹ്രസ്വകാല കാർഷിക വായ്പ | - 7% |
| മംഗല്യസൂത്ര വായ്പ പദ്ധതി പ്രകാരം ദുർബല ജനവിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്നപരമാവധി 25,000 രൂപ വരെയുള്ള വായ്പ | -4% |
| വിവാഹ വായ്പ-50,000 രൂപ വരെ | - 9% |

| | |
|---|---|
| -50,000 രൂപയ്ക്കു മുകളിൽ 1 ലക്ഷം വരെ | - 10% |
| ചികിത്സാ വായ്പ- 50,000 രൂപ വരെ | - 9% |
| 50,000 രൂപയ്ക്കു മുകളിൽ 1 ലക്ഷം വരെ | - 10% |
| ഭവന വായ്പ- 1,50,000 രൂപവരെ | - 9% |
| സ്വയം തൊഴിൽ വായ്പ 1 ലക്ഷം രൂപ വരെ | 9% |
| ഭൂമി ഇല്ലാത്തവർക്ക് വീട്വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പ: 50,000 രൂപവരെ | -7% |
| ഭൂമി ഇല്ലാത്തവർക്ക് വീട്വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പ: 50,000 രൂപയ്ക്കു മുകളിൽ 1 ലക്ഷം രൂപ വരെ | - 9% |
| കുടുംബശ്രീയ്ക്കുള്ള വിവിധയിനം വായ്പകൾ | - 8-10%വരെ |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ രണ്ട് വർഷങ്ങളിൽ "സഹകരണ നിക്ഷേപം കേരളീയം" പദ്ധതി അനുസരിച്ച് എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു ; | (സി) | 1.11.07- മുതൽ 15.12.07 വരെ സംഘടിപ്പിച്ചിരുന്ന 'സഹകരണ നിക്ഷേപം കേരളീയം' ക്യാംപയിനിൽ 2906.59 കോടി രൂപയുടെയും 1.11.2008 മുതൽ 15.12.2008 വരെ സംഘടിപ്പിച്ചിരുന്ന 'സഹകരണ നിക്ഷേപം കേരളീയം' ക്യാംപയിനിൽ 2675.25 കോടി രൂപയുടെയും അധിക നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞിരുന്നു. |
| (ഡി) | കാർഷിക ആവശ്യങ്ങൾക്ക് കൂടുതൽ തുക വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | ഓരോ കാർഷിക ആവശ്യത്തിനും മതിയായ വായ്പ നിലവിൽ നൽകി വരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയായി പരമാവധി 3 ലക്ഷം രൂപയും മറ്റ് പദ്ധതി വായ്പയിനത്തിൽ പദ്ധതി പ്രകാരമുള്ള തുകയും നൽകി വരുന്നുണ്ട്. |
| (ഇ) | വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | ലഘൂകരിച്ച നടപടി ക്രമങ്ങളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 184* 27.2.2009 ൽ മറുപടിക്ക്

## റോഡു നിർമ്മാണത്തിനുള്ള കരാറിൽ വരുത്തുന്ന മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ.കെ.സി.വേണുഗോപാൽ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡു നിർമ്മാണത്തിനുള്ള കരാറിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു ;<br><br>(ബി) നിർമ്മിക്കുന്ന റോഡുകൾക്ക് ഒരു നിശ്ചിത കാലത്തിനുള്ളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ നിർമ്മാണം നടത്തിയ കോൺട്രാക്ടർ / കമ്പനി സ്വന്തം ചെലവിൽ നടത്തണമെന്ന ഗ്യാരണ്ടി കരാറിൽ ചേർക്കുമോ ; | (എ)& (ബി) പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഒന്നരവർഷംവരെയും പുനരുദ്ധാരണം നടത്തുന്ന റോഡുകളിൽ ഒരുവർഷംവരെയുമുണ്ടാകുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ സ്വന്തം ചെലവിൽ നടത്തണമെന്നാണ് നിലവിലുള്ള കരാർ വ്യവസ്ഥ. ഇതിനു പുറമേ ഹെവി മെയിന്റനൻസ് എന്ന പദ്ധതിയിൽ റോഡ് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ പണി പൂർത്തിയാക്കി 5 വർഷം വരെ പ്രസ്തുത പ്രവൃത്തിയുടെ അറ്റകുറ്റപ്പണി നടത്തണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇല്ലായെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ? | (സി) ബാധകമല്ല |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 185 | 27-02-2009-ന് വാങ്മൂലം മറുപടിയ്ക്ക്

അഴിമതി തടയാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പോലീസിന്റെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ; | ബി) വാഹന പരിശോധന വേളകളിൽ പോലീസ് അനുവർത്തിക്കേണ്ടുന്ന നടപടിക്രമങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാൻ പാടില്ല.<br>2. ഒരു വാഹനം പരിശോധിച്ച് അയച്ചതിന് ശേഷമേ അടുത്ത വാഹനം പരിശോധനയ്ക്കായി നിർത്താവൂ.<br>3. പരിശോധനയ്ക്ക് വിധേയമാക്കുന്ന വാഹനം, മറ്റു വാഹനങ്ങൾക്ക് തടസ്സമാകാതെ റോഡിന്റെ ഏറ്റവും ഓരം ചേർത്ത് മാത്രമേ നിർത്തിക്കാൻ പാടുള്ളൂ.<br>4. രേഖകളുമായി ഡ്രൈവർമാരെ പരിശോധന നടത്തുന്ന പോലീസ് ഓഫീസർമാരുടെ സമീപത്തേയ്ക്ക് വിളിച്ച് വരുത്താൻ പാടില്ല.<br>5. പരിശോധനയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വാഹനങ്ങളുടെ അടുത്ത് ചെന്ന് രേഖകൾ പരിശോധിക്കേണ്ടതാണ്. |

— —

6. അപമാനകരമായ പദപ്രയോഗങ്ങളും ഭത്സനങ്ങളും കമന്റുകളും തീർത്തും ഒഴിവാക്കേണ്ടതാണ്.
7. പൊതുജനങ്ങളിൽ അനാവശ്യമായ സംശയങ്ങൾ ഉണ്ടാകാതിരിക്കാൻ, വ്യാപാര സ്ഥാപനങ്ങളും ജനത്തിരക്കും ഉള്ള സ്ഥലങ്ങളിൽ വേണം ഹൈവേ പട്രോൾ വണ്ടികൾ കാണപ്പെടേണ്ടത്.
8. രേഖകൾ പരിശോധിക്കുക എന്നതിലുപരി തെറ്റായ ഡ്രൈവിംഗ് നടപടികൾ കണ്ടുപിടിക്കുക എന്നുള്ളതായിരിക്കണം പരിശോധനയുടെ ലക്ഷ്യം.

| | |
|---|---|
| സി) പോലീസിൽ അഴിമതി തടയുന്നതിനായി പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | സി) പോലീസ് ഇൻസ്പെക്ടർ ജനറൽ (അഡ്മിനിസ്ട്രേഷൻ) -നെ ചീഫ് വിജിലൻസ് ഓഫീസറായി ചുമതലപ്പെടുത്തി പുതുതായി ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോലീസിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിച്ചുവരുന്നു. |

D. Sailaja Kumari Amma

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം 27.2.2009 - ൽ മറുപടിക്ക്

നമ്പർ: 186

## വിജിലൻസ് വകുപ്പിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി.

ചോദ്യം

ശ്രീ.പി.ജയരാജൻ:
ശ്രീ.ആനത്തലവട്ടം ആനന്ദൻ:
ശ്രീ.വി.ചെന്തമരാക്ഷൻ:
ശ്രീ.എ.സി.മൊയ്തീൻ :
ശ്രീ.ജോർജ് എം.തോമസ് :

(എ) വിജിലൻസ് വകുപ്പിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
( ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ബ്യൂറോയെ അറിയിക്കാൻ എല്ലാഓഫീസുകളിലും ബോർഡുകൾ സ്ഥാപിക്കുകയും, അതിൽ വിജിലൻസ് യൂണിറ്റ് ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം വിവരങ്ങൾ നൽകുന്നതിന് ബ്യൂറോയുടെ ആസ്ഥാനത്തും, നാല് മേഖലാ ഓഫീസുകളിലും ഡെഡിക്കേറ്റഡ് ടെലിഫോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി കോട്ടയത്ത് ഒരു വിജിലൻസ് കോടതികൂടി പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിനായി വകുപ്പുതല വിജിലൻസ് വിഭാഗം നിലവിലുള്ള വകുപ്പുകളിൽ അതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, വിജിലൻസ് വിഭാഗം നിലവിലില്ലാത്ത വകുപ്പുകളിൽ ആയത് രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള ബ്യൂറോ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുകയാണ്.

കൂടാതെ വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൻെറ സഹായത്താൽ നടത്തി വരുന്നു. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നൽകുന്ന പരിശീലനത്തിനു പുറമേ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അക്കാഡമിയിൽ അയച്ച് ഉദ്യോഗസ്ഥർക്ക് പരിശീനം നൽകി വരുന്നു. വിജിലൻസ് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിചിട്ടുണ്ട്.

ആയതിനു പുറമേ അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫാക്സ്/സ്കാൻ മെഷീനുകൾ, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ എന്നിവ വാങ്ങി ബ്യൂറോയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ഓൺലൈൻ വഴി പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) വിജിലൻസ് അന്വേഷിക്കുന്ന എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് ; | (ബി) 433 വിജിലൻസ് കേസുകൾ അന്വേഷണത്തിലുണ്ട്. |
| (സി) റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് ; | (സി). റിട്ടയർ ചെയ്ത 202 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണങ്ങളും 230 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകളും നിലവിലുണ്ട്. |
| (ഡി) വിജിലൻസ് അന്വേഷണങ്ങൾക്ക് സമയപരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) വിജിലൻസ് അന്വേഷണങ്ങൾക്ക് സമയ പരിധി നിശ്ചയിച്ച് 5.4.1997 - ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) റിട്ടയർ ചെയ്തതോ ചെയ്യാൻ പോകുന്നതോ ആയ ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ അന്വേഷണം നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകുമോ ? | (ഇ) വിജിലൻസ് കേസുകൾ/വിജിലൻസ് അന്വേഷണങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 187 27.2.2009 ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി. പദ്ധതി അനുസരിച്ചുള്ള റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം. |
| --- | --- |
| ശ്രീ. ബി.ഡി ദേവസി<br>ശ്രീ. എം.ജെ ജേക്കബ്<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. കെ.കെ. ദിവാകരൻ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ടി.പി പദ്ധതി അനുസരിച്ച് സംസ്ഥാനത്തു നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ; ഒന്നാം ഘട്ടത്തിൽ ഏതെല്ലാം പ്രോജക്റ്റുകളാണ് പൂർത്തിയാക്കാനുള്ളത്; | (എ) കെ.എസ്.ടി.പി ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.<br><br>ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കാനുള്ള പണികൾ താഴെ കൊടുക്കുന്നു.<br>(I) കെ.എസ്.ടി.പി-1-ൽ ഉൾപ്പെട്ടതും പതിബെൽ ഏറ്റെടുത്തതുമായ എം.സി റോഡിന്റെ പണി.<br>(II) കെ.എസ്.ടി.പി-4 ൽ ഉൾപ്പെട്ടതും റോമൻ ടാർമാറ്റ് എന്ന കമ്പനി ഏറ്റെടുത്തതുമായ പണികൾ<br>(III) റോഡ് മെയിന്റനൻസ് കംപോണന്റുകളിൽ പെട്ട RMC-27, RMC-34, RMC 44മുതൽ 51 വരെ യുള്ള പണികൾ<br>(IV) ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട് പൈലറ്റ് പ്രോജക്റ്റ് പണികൾ |
| (ബി) കെ.എസ്.ടി.പി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ, എൻക്വയറികൾ, കോൺഫിഡൻഷ്യൽ വെരിഫിക്കേഷനുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ; | (ബി) കെ.എസ്.ടി.പി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസും, 3 വിജിലൻസ് അന്വേഷണങ്ങളും നടന്നുവരുന്നു. കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ നടക്കുന്നില്ല. |

| | |
|---|---|
| (സി) ഈ കേസുകൾ, അന്വേഷണങ്ങൾ, വെരിഫിക്കേഷനുകൾ എന്നിവയിൽ പ്രതിസ്ഥാനത്തുള്ളവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (സി) വിജിലൻസ് അന്വേഷണങ്ങളിൽ പ്രതിസ്ഥാനത്തുള്ളവർ ആരൊക്കെയാണെന്ന് വ്യക്തമായിട്ടില്ല. |
| (ഡി) ഇതിലുള്ള അഴിമതി, സാമ്പത്തിക ദുർവിനിയോഗം, അധികാര ദുർവിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) വിജിലൻസ് കേസ് **നടപടി**കൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ നൽകാൻ തൽക്കാലം നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 188 — 27.02.2009 - ൽ മറുപടിയ്ക്ക്

## എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ :
ശ്രീ. കെ.കെ. ജയചന്ദ്രൻ:
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എ.സി. മൊയ്തീൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

(എ) സഹകരണ മേഖലയുടെ പ്രവർത്തനം വിദ്യാഭ്യാസ രംഗത്തേക്കും വ്യാപിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടി വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ.ജി.സുധാകരൻ
(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)

(എ) സഹകരണമേഖലയുടെ പ്രവർത്തനം വിദ്യാഭ്യാസ രംഗത്തേക്ക് വ്യാപിപ്പിക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ്, 'സഹകരണ നവരത്നം കേരളീയം' എന്ന പേരിൽ കർമ്മ പരിപാടിയിലെ 'സഹകരണ വിദ്യാഭ്യാസം കേരളീയം' എന്ന പരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സഹകരണ മേഖലയിൽകൂടുതൽ പ്രൊഫഷണൽ കോളേജുകൾആരംഭിക്കുക, നിലവിലുള്ള കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, എല്ലാ നിയോജക മണ്ഡലങ്ങളിലും സഹകരണ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുക , കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)ൽ വിഷയ വിദഗ്ധരെ ഉൾക്കൊള്ളിച്ച് അക്കാഡമിക് കൗൺസിൽ

രൂപീകരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ ഭാഗമായി പുതിയ പ്രഫഷണൽ കോളേജുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും വിവിധ സഹകരണ സ്ഥാപനങ്ങളുടേയും സംസ്ഥാനസഹകരണ യൂണിയന്റെയും, 'കേപ്പി'ന്റെയുംആഭിമുഖ്യത്തിൽ ആരംഭിക്കുകയോ, ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള പദ്ധതി പ്രകാരം നടപ്പു വർഷം നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ; | (ബി) | വ്യക്തമാക്കാം. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | 2009-10-ൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.<br>എ) 'കേപ്പി'ന്റെ ആഭിമുഖ്യത്തിൽ പുന്നപ്ര എൻജിനീയറിംഗ് കോളേജിനോടനുബന്ധിച്ച് ഫിനിഷിംഗ് സ്കൂളും-എം.ബി.എ. കോളേജും.<br>ബി) 'കേപ്പി'ന്റെ ആഭിമുഖ്യത്തിൽ കൊച്ചി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നേഴ്സിംഗ് കോളേജ് -<br>സി) 'കേപ്പി'ന്റെ ആഭിമുഖ്യത്തിൽ കൊച്ചി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഫാർമസി കോളേജ് -<br>ഡി) കേരള സംസ്ഥാന സഹകരണ കൺസ്യൂമർഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 2 ഫാർമസി കോളേജുകൾ, റീട്ടെയിൽ ട്രേഡിംഗിൽ എം.ബി.എ. കോഴ്സ് നടത്തുന്നതിനുള്ള സ്ഥാപനം - |

ഇ) കാസർഗോഡ് പ്രൊഫഷണൽ എഡ്യുക്കേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉപ്പള ആസ്ഥാനമാക്കി ഒരു പ്രൊഫഷണൽകോളേജ് (മെഡിക്കൽ/ എഞ്ചിനീയറിങ്) -

എഫ്) കാസർഗോഡ് കോ-ഓപ്പറേറ്റീവ് എഡ്യുക്കേഷണൽ സംഘം, മുന്നാട് ആസ്ഥാനമാക്കി ഒരു പ്രൊഫഷണൽ കോളേജ്,

ജി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആശുപത്രി/ പ്രൊഫഷണൽ കോഴ്സുകൾ എന്നിവ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ഡി) കേപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽകോളേജ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.<br>കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളും, അക്കാഡമി ഓഫ് മെഡിക്കൽ സയൻസസിന്റെ കീഴിലുള്ള സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.<br>സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 77 ഇതര സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 29 എണ്ണം ലാഭനഷ്ടമില്ലാതെയും, 48 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

അംഗങ്ങൾക്ക് ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :189 — 27-2-2009-ൽ മറുപടിയ്ക്ക്

## പ്രവാസി കേരളീയ കൂട്ടായ്മ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.ബാബു.എം.പാലിശ്ശേരി :<br>ശ്രീ.എം.ഹംസ :<br>ശ്രീ.മഞ്ഞളാംകുഴി അലി :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വകുപ്പ് സംഘടിപ്പിച്ച എന്റെ നാട് പ്രവാസി കേരളീയ കൂട്ടായ്മയിൽ വിവിധ രാജ്യങ്ങളിൽ നിന്നും എത്ര പ്രതിനിധികൾ പങ്കെടുത്തു എന്ന് വെളിപ്പെടുത്തുമോ ; | (എ) എന്റെ നാട് പ്രവാസി കേരളീയ കൂട്ടായ്മയിൽ 637 പേർ രജിസ്റ്റർ ചെയ്യുകയുണ്ടായി വിവിധ സ്ഥലങ്ങിൽ നിന്നായി 500 ഓളം പ്രതിനിധികൾ പങ്കെടുത്തു. |
| (ബി) പരിപാടിയിൽ എത്ര പദ്ധതികളാണ് പരിഗണനയ്ക്ക് വന്നത് ; ഈ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ; | (ബി) പരിപാടിയിൽ തെരഞ്ഞെടുക്കപ്പെട്ട 60 സംരംഭകരുടെ പദ്ധതികൾ ചർച്ചക്കായി സമർപ്പിക്കപ്പെടുകയുണ്ടായി. പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സംരംഭകരും നിക്ഷേപകരും തമ്മിലുള്ള ചർച്ചകൾ പുരോഗമിച്ചു വരികയാണ്. |
| (സി) ഉടമസ്ഥർ സ്ഥിരമായി താമസിക്കാത്ത വീടുകൾ വിനോദ സഞ്ചാരികൾക്കായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇല്ല. |
| (ഡി) വിദേശ മലയാളികളായ സംരംഭകരെയും സന്നദ്ധരായ സ്ഥലമുടമകളെയും പദ്ധതിയുമായി ബന്ധിപ്പിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) മറുനാടൻ മലയാളികളായ നിക്ഷേപകരെയും പ്രാദേശിക സംരംഭകരെയും ബന്ധിപ്പിക്കാൻ വെബ് അധിഷ്ഠിത പ്ലാറ്റ്ഫോം രൂപ കല്പന ചെയ്തിട്ടുണ്ട് ഇതു വഴി പ്രാദേശിക സംരംഭകർക്ക് |

പ്രോജക്ട് പ്രൊപോസലുകൾ സമർപ്പിക്കുവാനും പ്രവാസി നിക്ഷേപകർക്ക് തെരഞ്ഞെടുത്ത പ്രൊജക്ടുകൾ ഇന്റർനെറ്റ് വഴി പരിശോധിക്കാനും, നിക്ഷേപത്തിന് താല്പര്യമുള്ള പദ്ധതികൾ കണ്ടെത്താനും അവ സംബന്ധിച്ച് Tourist Resorts Kerala Ltd വഴി സംരംഭകരുമായി മുഖാമുഖ ചർച്ച നടത്താനും സാധിക്കും.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 190** — 27.02.2009-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീ. സി.കെ.സദാശിവൻ | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സാമൂഹ്യജീവിതത്തിന്റെ ഓരോ മേഖലയെയും സ്വാധീനിക്കുവാനും നേർവഴിക്ക് നിയന്ത്രിക്കുവാനും കഴിയുന്ന വിധത്തിൽ നിരവധി പദ്ധതികളാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കുന്നത്. സാധാരണ ഗ്രന്ഥശാലാ പ്രവർത്തനത്തിന്റെ ഭാഗമായ പുസ്തക ശേഖരണ വിതരണ കേന്ദ്രങ്ങൾക്ക് അപ്പുറം സമൂഹത്തിനുവേണ്ടി തുറന്ന കണ്ണുമായി കേരളത്തിലെ ഏറ്റവും വലിയ ബഹുജന സാംസ്കാരിക പ്രസ്ഥാനം മുന്നോട്ട് പോകുന്നു. കരിയർ ഗൈഡൻസ് സെന്ററുകൾ, അക്കാദമിക് സ്റ്റഡി സെന്ററുകൾ, മോഡൽ വില്ലേജ് ലൈബ്രറികൾ, ബാലവേദി കേന്ദ്രങ്ങൾ, സ്റ്റുഡന്റ്സ് കോർണറുകൾ, വനിതാവേദി കേന്ദ്രങ്ങൾ, വനിതാപുസ്തക വിതരണ കേന്ദ്രങ്ങൾ, ജയിൽ ലൈബ്രറി സർവ്വീസ്, ഓർഫനേജ് ലൈബ്രറി സർവ്വീസ്, ജുവനൈൽ ഹോം ലൈബ്രറി സർവ്വീസ്, ഹോസ്പിറ്റൽ ലൈബ്രറി സർവ്വീസ്, എല്ലാ പഞ്ചായത്തുകളിലും ജനജാഗ്രതാ സമിതികൾ, താലൂക്ക് റഫറൻസ് ലൈബ്രറികൾ, ജില്ലാതല വികസന പദ്ധതികൾ, ജില്ലാ - താലൂക്ക് ലൈബ്രറികൾ തുടങ്ങി വൈപുല്യമാർന്ന പ്രവർത്തന മേഖലയാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ളത്. |

ആധുനിക ഗ്രന്ഥാലയ ശാസ്ത്രത്തിന്റെ മാത്രമല്ല സാമൂഹ്യ പുരോഗതിയ്ക്കും സാമൂഹ്യനീതിയ്ക്കും വേണ്ടി യുള്ള തത്വശാസ്ത്രങ്ങളുടെയും പിൻബലമുണ്ട് ഈ പ്രവർത്തനങ്ങൾക്ക്.

(ബി) നിലവിലുള്ള ലൈബ്രറി കൗൺസിലിന്റെ കാലാവധി എന്നു വരെയാണ് ;

(ബി) ഫെബ്രുവരി 2010 വരെ

(സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാക്കാൻ ഒരു വർഷത്തോളം സമയം ആവശ്യമായി വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; രണ്ടു മൂന്നു മാസത്തിനകം തെരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിലുള്ള ചട്ടപ്രകാരം കൗൺസിൽ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതിന് ഒരു വർഷം ആവശ്യമാണ്. രണ്ടോ മൂന്നോ മാസത്തെ സമയപരിധിയ്ക്കുള്ളിൽ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നതിന് ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടി വരും. അതേ സമയം ചില ഘട്ടങ്ങളിലെ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ ഒന്നിച്ച് പുറപ്പെടുവിച്ച് കൊണ്ട് സമയപരിധി കുറയ്ക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ പരിശോധി ക്കേണ്ടതുണ്ട്. ഈ കാര്യം പരിശോധിച്ചു വരുന്നു.

(ഡി) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയോട് ചേർന്ന് കെട്ടിട നിർമ്മാണത്തിനായി കൗൺസിലിന് അനുവദിച്ചി രുന്ന സ്ഥലം മുൻ സർക്കാർ തിരിച്ചെടുത്ത നടപടി റദ്ദു ചെയ്യുമോ ;

(ഡി) ഈ കാര്യം പരിശോധിച്ചു വരുന്നു.

(ഇ) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെ ടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :191 27/2/2009-ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി

ചോദ്യം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:
ശ്രീമതി.പി. അയിഷാ പോറ്റി:
ശ്രീ.കെ.ടി.ജലീൽ:
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീ.പി.വിശ്വൻ:

ഉത്തരം

ശ്രീ.എം.എ.ബേബി
വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും
വകുപ്പ് മന്ത്രി.

| | | | |
|---|---|---|---|
| എ) | ഈ വർഷത്തെ എസ്.എസ്.എൽ.സി, പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | 2009 മാർച്ചിൽ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. ചോദ്യപേപ്പറുകൾ അച്ചടിക്കുന്നത് റിസേർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി യോഗ്യതയുള്ള പ്രസ്സുകളിലാണ്. പ്രിന്റിങ്ങുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അതീവ രഹസ്യമായിട്ടാണ് ചെയ്യുന്നത്. ചോദ്യപേപ്പറുകൾ കൊണ്ടുവരുന്നതിനും വിതരണം ചെയ്യുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളിലും ചോദ്യപേപ്പർ സൂക്ഷിക്കുന്ന വിതരണകേന്ദ്രങ്ങളിലും പോലീസ് സംരക്ഷണം ഉണ്ടായിരിക്കുന്നതാണ്. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് നടന്ന ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | ബി) | ചോദ്യപേപ്പർ ചോർച്ചയുമയി ബന്ധപ്പെട്ട വിഷയം നിലവിൽ സി.ബി.ഐ അന്വേഷണത്തിലാണ്. |
| സി) | ചോദ്യ പേപ്പറുകൾ സ്കൂളുകളിൽ എത്തിക്കുന്നതിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഏർപ്പെടുത്തുന്ന സംവിധാനം എന്താണ്; | സി) | സെക്യൂരിറ്റി പ്രസ്സിൽ അച്ചടിച്ച് സുരക്ഷിതമായ രീതിയിൽ കവറുകൾക്കുള്ളിലാക്കി, ഓരോ പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമായ ചോദ്യ പേപ്പറുകൾ പെട്ടികളിലാക്കി, ചാക്കുകൊണ്ട് പൊതിഞ്ഞു പ്രിന്ററുടെ സുരക്ഷിതവാഹനങ്ങളിൽ കേരള സംസ്ഥാനാതിർത്തിയിൽ എത്തിക്കുന്നു. അവിടെ നിയോഗിക്കപ്പെട്ടിട്ടുള്ള ലെയ്സൺ ഓഫീ |

⇨

| | | | |
|---|---|---|---|
| | | | സർമാർ അവ സ്വീകരിച്ച്, ടി വാഹനത്തിൽതന്നെ പോലീസ് അകമ്പടിയോടും, പരീക്ഷാഭവനിലെ ഉദ്യോഗസ്ഥന്റെ അകമ്പടിയോടും കൂടി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സജ്ജീകരിച്ചിട്ടുള്ള സൂക്ഷിപ്പു കേന്ദ്രങ്ങളിൽ എത്തിക്കുന്നു. ഈ സൂക്ഷിപ്പു കേന്ദ്രങ്ങൾ സീൽ ചെയ്തു പോലീസിന്റെയും ഇതിലേയ്ക്കായി നിയോഗിച്ച ജീവനക്കാരന്റെയും കാവലിൽ ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നു. ഈ കേന്ദ്രങ്ങളിൽ വച്ച് തന്നെ നിശ്ചിത തീയതികളിൽ നിശ്ചിത സമയത്ത് പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർ, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർ എന്നിവർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയോഗിക്കുന്ന ജീവനക്കാർ, പരീക്ഷാഭവനിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽനോട്ടത്തിൽ തരംതിരിക്കുന്നു. ഓരോ ദിവസത്തേയും പരീക്ഷയ്ക്ക് ആവശ്യമായ ചോദ്യപേപ്പറുകൾ ലഭിച്ചിട്ടുണ്ട് എന്ന് അതാത് ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും ഉറപ്പാക്കുന്നു. ഇപ്രകാരം തരംതിരിച്ച ചോദ്യപേപ്പറുകൾ ക്ലസ്റ്റർ തലത്തിൽ ഗവൺമെന്റ് ട്രഷറികളിലോ, ദേശസാൽകൃത ബാങ്കുകളിലോ സ്ട്രോങ്റൂമിൽ സൂക്ഷിക്കുന്നു. അതാതു ദിവസത്തെ പരീക്ഷയ്ക്കാവശ്യമായ ചോദ്യപേപ്പർ ഇതിലേയ്ക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ രാവിലെ 10-മണിയ്ക്ക് ട്രഷറി/ബാങ്കിൽ നിന്നും ശേഖരിച്ച് 12-മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർക്ക് കൈമാറുന്നു. |
| ഡി) | ചോദ്യ പേപ്പറുകൾ മാറി പൊട്ടിക്കുന്ന സംഭവം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | ഓരോ ദിവസത്തേയും പരീക്ഷയ്ക്കാവശ്യമായ ചോദ്യപേപ്പറുകൾ മാത്രമേ അതാതു ദിവസം പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർക്ക് വിതരണം ചെയ്യുന്നുള്ളൂ. ആയതിനാൽ ചോദ്യപേപ്പർ മാറി പൊട്ടിക്കുന്ന സംഭവം ഉണ്ടാകാൻ സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.192 27.2.09 ൽ മറുപടിക്ക്

**റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജോർജ് എം.തോമസ് :**<br>**ശ്രീ.കെ.സി.രാജഗോപാലൻ :**<br>**ശ്രീ.എസ്.രാജേന്ദ്രൻ :**<br>**ശ്രീ.എം.കെ.പുരുഷോത്തമൻ :**<br>**ശ്രീ.ബി.രാഘവൻ :** | | **ശ്രീ.മോൻസ് ജോസഫ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (എ) | സർക്കാർ തീരുമാന പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി 38 കോടി രൂപ നൽകിയിട്ടുണ്ട് . ഈ തുക ഉപയോഗിച്ച് കോർപ്പറേഷൻ പുറപ്പെടുവിച്ചിരുന്ന കടപ്പത്രങ്ങൾ അടച്ചുതീർത്തു. കൂടാതെ ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള കടം പുനർ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാമ്പത്തിക ബാധ്യതകൾ പുന:ക്രമീകരിച്ച് പുതിയതായി കൂടുതൽ പദ്ധതികൾ ഏറ്റെടുക്കാൻ കോർപ്പറേഷനെ ശക്തിപ്പെടുത്താനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത് |
| (ബി) കോർപ്പറേഷൻ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; എത്ര കോടി രൂപയുടെ ജോലികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (ബി) | 14 റെയിൽവേ മേൽപ്പാലങ്ങളുടെ പണികളും ഒരു പാലത്തിൻെറ പണി യും കൊച്ചിയിലെ സീപോർട്ട് എയർപോർട്ട് റോഡിൻെറ ഒന്നാം ഘട്ടം പണിയും 111.5കോടി രൂപ ചെലവഴിച്ചു പൂർത്തിയാക്കി. 38 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 8 മേൽപ്പാലങ്ങളുടെ പണികൾ ഇപ്പോൾ നടന്നുവരുന്നു. |
| (സി) ഏതെല്ലാം റെയിൽവേ മേൽപ്പാലങ്ങളുടെ പണി കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട് ; ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | കോർപ്പറേഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയതും നിർമ്മാണത്തിലിരിക്കുന്നതുമായ മേൽപ്പാലങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. നിർമ്മാണത്തിലിരിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**നിർമ്മാണത്തിലിരിക്കുന്ന പണികൾ**

(1) നന്ദി - കോഴിക്കോട്
(2) മുഴുപ്പിലങ്ങാട് കണ്ണൂർ
(3) കൊരട്ടി അങ്ങാടി - തൃശ്ശൂർ
(4) അത്താണി - തൃശ്ശൂർ
(5) ബേക്കൽ - കാസറഗോഡ്
(6) സുൽത്താൻപേട്ട് - പാലക്കാട്
(7) കടുക്കാംകുന്ന് - പാലക്കാട്
(8) പുല്ലേപ്പടി - എറണാകുളം

**നിർമ്മാണം പൂർത്തിയാക്കിയ പണികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പൂർത്തിയായ തീയതി |
|---|---|---|
| 1 | ഇരുമ്പനം റെയിൽവേ മേൽപ്പാലം - എറണാകുളം | ജൂൺ 2003 |
| 2 | തൃപ്പൂണിത്തുറ എസ്.എൻ.ജംഗ്ഷൻ റെയിൽവേ മേൽപ്പാലം - എറണാകുളം | ജൂലൈ 2004 |
| 3 | വെള്ളയിൽ റെയിൽവേ മേൽപ്പാലം - കോഴിക്കോട് | നവംബർ 2003 |
| 4 | വെങ്ങാലി - റെയിൽവേ മേൽപ്പാലം - കോഴിക്കോട് | ഡിസംബർ 2003 |
| 5 | തിരൂർ റെയിൽവേ മേൽപ്പാലം-മലപ്പുറം | ജനുവരി 2004 |
| 6 | മീഞ്ചന്ത റെയിൽവേ മേൽപ്പാലം - കോഴിക്കോട് | മേയ് 2004 |
| 7 | നീലേശ്വരം റെയിൽവേ മേൽപ്പാലം - കാസർഗോഡ് | മാർച്ച് 2005 |
| 8 | ചെങ്ങോട്ടുകാവ് റെയിൽവേ മേൽപ്പാലം-കോഴിക്കോട് | ആഗസ്ത് 2005 |
| 9 | സൗത്ത് കളമശ്ശേരി റെയിൽവേ മേൽപ്പാലം- എറണാകുളം | ഒക്ടോബർ 2005 |
| 10 | ചാലക്കുടി റെയിൽവേ മേൽപ്പാലം - തൃശ്ശൂർ | ഡിസംബർ 2005 |
| 11 | കല്ലേറ്റുംകര റെയിൽവേ മേൽപ്പാലം - തൃശ്ശൂർ | ഏപ്രിൽ 2006 |
| 12 | വെങ്ങളം റെയിൽവേ മേൽപ്പാലം - കോഴിക്കോട് | ജൂൺ 2006 |
| 13 | മുണ്ടൂർ റോഡ് റെയിൽവേ മേൽപ്പാലം - തൃശ്ശൂർ | മെയ് 2006 |
| 14 | പുലമന്തോൾ പാലം-പാലക്കാട് | ഡിസംബർ 2003 |
| 15 | എയർപോർട്ട് -സീപോർട്ട് റോഡ്-എറണാകുളം- ഒന്നാംഘട്ടം | ഓഗസ്ത് 2003 |
| 16 | വിക്ടോറിയ കോളേജ്-പാലക്കാട് | ജനുവരി 2003 |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -193 27.2.2009 ൽ മറുപടിക്ക്**

**<u>വിഷൻ 2010 സ്കീം പ്രകാരമുള്ള റോഡ് വികസനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ കെ. രാജു:<br>" എൻ. അനിരുദ്ധൻ:<br>" പള്ളിപ്രം ബാലൻ:<br>" ബാബു പോൾ:<br>" പി. തിലോത്തമൻ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) വിഷൻ 2010 സ്കീം പ്രകാരം കേരളത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നതെന്നു വ്യക്തമാക്കുമോ;<br><br>(ബി) ഈ പദ്ധതിയ്ക്ക് ആവശ്യമായ തുക എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) &(ബി)<br>വിഷൻ 2010 സ്കീം പ്രകാരം ഓരോ മണ്ഡലത്തിലും എം.എൽ എമാർ ശുപാർശ ചെയ്യുന്നതും ആവശ്യമായ സ്ഥലം ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകി വരുന്നത്. ഇതിൽ റോഡുകളുടെ പുനരുദ്ധാരണമുൾപ്പെടെ മറ്റു പ്രവൃത്തികളും ഉൾപ്പെടുന്നു. 2007-08 സാമ്പത്തിക വർഷത്തിൽ 137 കോടി രൂപയുടേയും 2008-09 സാമ്പത്തിക വർഷത്തിൽ 113.54 കോടി രൂപയുടേയും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നാണ് ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്. ആദ്യ ഘട്ടത്തിൽ 300 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റോഡുകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) 2007-08 , 2008-09 സാമ്പത്തിക വർഷങ്ങളിലായി എല്ലാ നിയോജകമണ്ഡലങ്ങളിൽ നിന്നും എം.എൽ.മാർ ശുപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആദ്യം ശുപാർശ ചെയ്ത പ്രവൃത്തികളിൽ പിന്നീട് ചില മാറ്റങ്ങൾ എം.എൽ.എമാർ ആവശ്യപ്പെട്ടതിനെ തുടർന്ന് റോഡ് ലിസ്റ്റ് പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ** 194      27-02-2009-ൽ മറുപടിക്ക്

## അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം

**ചോദ്യം**
**ശ്രീ.എം.പ്രകാശൻ മാസ്റ്റർ:**
**ശ്രീ.അൽഫോൺസ് കണ്ണന്താനം:**
**പ്രൊഫ.സി.രവീന്ദ്രനാഥ്:**
**ശ്രീ.കെ.ടി.ജലീൽ:**
**ശ്രീ.എ.പ്രദീപ് കുമാർ:**

ഉത്തരം
ശ്രീ.എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

| | |
|---|---|
| **എ) തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിൽ ഏതെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്തത്;** | എ) തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിൽ താഴെപ്പറയുന്ന വിഷയങ്ങളും അവയുമായി ബന്ധപ്പെട്ട ഉപവിഷയങ്ങളും അധികരിച്ച് ചർച്ചകൾ നടന്നു.<br><br>1) ഭരണകൂടവും വിദ്യാഭ്യാസവും 2) സാമൂഹ്യ വിവേചനവും വിദ്യാഭ്യാസവും 3) ആഗോള വൽക്കരണത്തിന്റെ സ്വാധീനം: വിദ്യാഭ്യാസത്തിന്റെ മാറുന്ന മുഖം 4) വിവര സാങ്കേതികവിദ്യയും വിജ്ഞാന സമൂഹവും 5) പുതിയ മാതൃകയ്ക്കായുള്ള അന്വേഷണം<br><br>കൂടാതെ മേൽ സമ്മേളനത്തിൽ താഴെപ്പറയുന്ന വിഷയങ്ങളെ അധികരിച്ചും ഗൗരവപൂർണമായ ചർച്ചകൾ നടക്കുകയുണ്ടായി.<br><br>1) വിദ്യാഭ്യാസ രംഗത്തെ പ്രാപ്യത, സാമൂഹ്യനീതി, തുല്യത<br>2) വിദ്യാഭ്യാസം-ജനാധിപത്യം - വികസനം<br>3) സ്ത്രീ വിദ്യാഭ്യാസം 4) വിദ്യാഭ്യാസം ശക്തീകരണത്തിന്<br><br>ഇവയ്ക്ക് പുറമേ 20-ൽപരം മറ്റു വിഷയങ്ങളെ ആസ്പദമാക്കിയുള്ള ചർച്ചകളും സമ്മേളനത്തിൽ നടന്നു. (വിശദാംശം അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു) |

| | |
|---|---|
| ബി) വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് സമ്മേളനത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | ബി) വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് സമ്മേളനത്തിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1) വിദ്യാഭ്യാസ രംഗത്തെ സുസ്ഥിര വികസനം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയിട്ടുള്ളതായിരിക്കുമെന്ന് ഉറപ്പാക്കുക. 2) വിദ്യാഭ്യാസ മേഖലയിലെ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതോടൊപ്പം സ്വകാര്യമേഖലയുടെ മേൽ കൂടുതൽ സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്തുക. 3) ഗുണനിലവാര മുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ ആവശ്യമായ സൗകര്യങ്ങൾ വിവിധ തലങ്ങളിൽ ഏർപ്പെടുത്തുക. 4) വിദ്യാഭ്യാസ രംഗത്തെ കുത്തകവൽക്കരണവും വാണിജ്യവൽക്കരണവും അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക. 5) സ്വയംഭരണം - ജനാധിപത്യം - വികേന്ദ്രീകരണം എന്നിവയിൽ അധിഷ്ഠിതമായ ജനാധിപത്യ - വിജ്ഞാന നയരൂപീകരണത്തിനായി യത്നിക്കുക. |
| സി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്രനിയമം കൊണ്ടുവരേണ്ടതു സംബന്ധിച്ച് സമ്മേളനത്തിൽ അഭിപ്രായ രൂപീകരണം ഉണ്ടായിട്ടുണ്ടോ; | സി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന കേന്ദ്രനിയമം കൊണ്ടുവരണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണ കമ്മീഷൻ ശുപാർശചെയ്തിട്ടുള്ള പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയെക്കുറിച്ച് സമ്മേളനത്തിൽ വിശദമായ ചർച്ചകൾ നടന്നു. വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ ആസ്തികൾ പൊതു ലക്ഷ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുന്ന പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പിന്റെ ഓൾട്ടർനേറ്റ് മാതൃകയാണ് അഭിലഷണീയമെന്ന പൊതു അഭിപ്രായമാണ് സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു വന്നത്. |
| ഡി) സമ്മേളനത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്താൻ നടപടി സ്വീകരിക്കുമോ? | ഡി) ആവശ്യമെങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്തുന്നതാണ്. |

[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 195 27-02-2009ൽ മറുപടിയ്ക്ക്

സർവ്വകലാശാലകളിലെ ഫീസ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ഷാജു : | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ സർവ്വകലാശാലകൾ, പ്രത്യേകിച്ച് കേരള സർവ്വകലാശാല വിവിധ ഫീസുകൾ യാതൊരു നിയന്ത്രണവുമില്ലാതെ വർദ്ധിപ്പിക്കുന്നതു മൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) യാതൊരു നിയന്ത്രണവുമില്ലാതെ ഫീസ് വർദ്ധന നടപ്പിലാക്കിയിട്ടില്ല എന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. |
| (ബി) സർവ്വകലാശാലകളിലെ ഫീസ് വർദ്ധനവും സർവ്വകലാശാലാ നിയമനങ്ങളും സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ ? | (ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 196 — 27.2.2009 ൽ മറുപടിക്ക്

## റോഡ് നയത്തിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.അജിത്ത്:<br>ശ്രീ; എൻ. അനിരുദ്ധൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡ് വികസന കരട് നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) കരട് റോഡ് വികസനനയത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. അതിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളു. |
| (ബി) പുതിയ വ്യവസായ നിക്ഷേപത്തിന്റെയും വാഹന പെരുപ്പത്തിന്റെയും അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) റോഡ് വികസന നയത്തിന് അന്തിമ രൂപം നൽകിയാൽ മാത്രമേ ഇക്കാര്യങ്ങളെക്കുറിച്ച് വിശദാംശങ്ങൾ വ്യക്തമാകുകയുള്ളു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 197 27.02.2009 ൽ മറുപടിയ്ക്ക്

### <u>തീവ്രവാദ വിരുദ്ധ സ്ക്വാഡ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. കെ.സി. വേണുഗോപാൽ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| (എ) സംസ്ഥാനത്ത് തീവ്രവാദ വിരുദ്ധ സ്ക്വാഡ് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും നിർദ്ദേശം നൽകിയിരുന്നുവോ; | (എ) സംസ്ഥാനത്ത് കേസന്വേഷണങ്ങൾക്കായി തീവ്രവാദ വിരുദ്ധ സ്ക്വാഡ് എന്ന പേരിലുള്ള ഒരു സ്ക്വാഡ് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) എങ്കിൽ അതനുസരിച്ച് തീവ്രവാദ വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ **198** 27.02.2009 ൽ മറുപടിക്ക്

### <u>വായ്പാകുടിശ്ശിക നിവാരണ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ വായ്പകളുടെ കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം 2007 ഡിസംബർ മാസത്തിനു മുമ്പായി എത്ര കർഷകർ അവരുടെ വായ്പയുടെ കുടിശ്ശികയായ പലിശ അടച്ചു തീർത്തിട്ടുണ്ട്; | എ) മുൻ സർക്കാരിന്റെ **കാലത്ത്** ഒറ്റത്തവണ തീർപ്പാക്കൽ **പദ്ധതി** പ്രകാരം 542,912 കുടിശ്ശികക്കാരായ വായ്പക്കാർ കുടിശ്ശിക **പലിശ** അടച്ചു തീർത്തിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ **കാലയ**ളവിൽ 2007 ഡിസംബർ 31 **വരെ** കുടിശ്ശികയായ വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി/ പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരം 2.29 ലക്ഷം കുടിശ്ശികക്കാരായ കർഷകർ കുടിശ്ശിക പലിശ അടച്ചു തീർത്തിട്ടുണ്ട്.<br><br>സഹകരണ **നവരത്നം** കേരളീയം പദ്ധതിയുടെ **ഭാഗമായ** "കുടിശ്ശിക നിവാരണം **സമഗ്ര** മാനവ കേരളീയം" എന്ന കുടിശ്ശിക നിവാരണ പദ്ധതി 2008 ഫെബ്രുവരി 1 മുതൽ മാർച്ച് 31 **വരെയാണ്** നടപ്പിലാക്കിയത്. ടി **പദ്ധതി** പ്രകാരം 52,093 കർഷകർ അവരുടെ വായ്പയുടെ കുടിശ്ശിക **പലിശ** അടച്ചു തീർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇപ്രകാരം കുടിശ്ശിക തീർത്തവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക കടം എഴുതി തള്ളുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യം കിട്ടാതെ വന്നിട്ടുണ്ടോ; | ബി) | 2007 ഡിസംബർ 31 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം, കുടിശ്ശിക തീർത്തവരിൽ കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത നേടുമായിരുന്ന 31-03-1997 ന് ശേഷവും 31-03-2007 ന് മുമ്പുമായി വിതരണം ചെയ്തിരുന്ന കാർഷിക കടങ്ങളിൽ 31-12-2007 ന് കുടിശ്ശിക ഇല്ലാതായ വായ്പകൾക്ക് ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം കിട്ടാതെ വന്നിട്ടുണ്ട്.<br><br>2008 ഫെബ്രുവരി 1 മുതൽ 29 വരെ ശതശതമാനം കേരളീയം പദ്ധതി പ്രകാരം കുടിശ്ശിക തീർത്ത കർഷകർക്കും ടി **ആനുകൂല്യം** നഷ്ടമായിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ എത്ര പേർക്ക്; | സി) | 2007 ഡിസംബർ 31 **വരെ** ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31-03-1997 ന് ശേഷവും 31-03-2007 ന് മുമ്പും വിതരണം ചെയ്ത കാർഷിക കടങ്ങൾ തിരിച്ചടച്ചതുമൂലം 2.37 ലക്ഷം പേർക്കും, 2008 ഫെബ്രുവരി 1 മുതൽ കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം പദ്ധതി പ്രകാരം കുടിശ്ശിക തീർത്തടച്ച 41,181 കർഷകർക്കും ടി ആനുകൂല്യം നഷ്ടപ്പെട്ടിട്ടുണ്ട്. |
| ഡി) | ഇത്തരക്കാർക്ക് എന്തെങ്കിലും ആനുകൂല്യം കൊടുക്കാനുദ്ദേശ്യമുണ്ടോ; | ഡിയും | ഇത്തരക്കാർക്ക് എന്തെങ്കിലും ആനുകൂല്യം നൽകുവാൻ കേന്ദ്ര സർക്കാർ തലത്തിൽ തീരുമാനിക്കുകയാണെങ്കിൽ ആയതിന് അനുസൃതമായി **നടപടി** സ്വീകരിക്കുന്നതാണ്. |
| ഇ) | ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ഇ യും | 1. 2007 ഡിസംബർ **31 ന്** മുൻപായി പലിശ **മാത്രം** അടച്ച് **പുതുക്കിയ** വായ്പകൾക്കും, **പാലക്കാട്**, വയനാട്, കാസർഗോഡ് ജില്ലകൾക്കായി നടപ്പാക്കിയ |

**വിദർഭ പദ്ധതി പ്രകാരം പരിവർത്തനം** ചെയ്യേണ്ടിയിരുന്ന വായ്പകളിൽ കർഷകരുടെ താൽപ്പര്യക്കുറവ് കാരണം പരിവർത്തനം ചെയ്യാതിരുന്ന വായ്പകൾക്കും കൂടി കേന്ദ്ര കടാശ്വാസ പദ്ധതിയിൻ കീഴിൽ ആനുകൂല്യം അനുവദിക്കണമെന്നും,

2. കേന്ദ്ര കടാശ്വാസ **പദ്ധതി**യുടെ മാർഗ്ഗ നിർദ്ദേശ**ത്തിൽ** പരാമർശിച്ചിരുന്ന 31-03-1997 ന് ശേഷവും 31-03-2007 **ന്** മുൻപുമായി വിതരണം ചെയ്തിരുന്നതും 31-12-2007 ൽ കുടിശ്ശികയായിരുന്നതും എന്നാൽ സംസ്ഥാന സർക്കാർ നടപ്പാക്കിയ "കുടിശ്ശിക **നിവാരണം** ശതശതമാനം **കേരളീയം**" പദ്ധതിയിൻ കീഴിൽ **2008** ഫെബ്രുവരി 1 മുതൽ 29 **വരെ** അടച്ചു തീർത്തതുമായ വായ്പകൾക്കും കൂടി കേന്ദ്ര കടാശ്വാസ പദ്ധതി**യിൽ** കീഴിൽ **ആനുകൂല്യം** അനുവദിക്കണമെന്ന് 19-11-2008 ലെ 3485/**ബി1/08/** സഹ. നമ്പർ കത്ത് **പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്**.

Rajendran
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 199</u> <u>27.2.2009 ൽ മറുപടിക്ക്</u>

<u>ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി:<br>ശ്രീ.തോമസ് ചാഴികാടൻ: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മാണം നടത്തിയ റോഡിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ: | (എ) 2006 ജനുവരിയിൽ നിർമ്മിച്ച റോഡിന് ഇതുവരെ കേടുപാടുകൾ കണ്ടെത്തിയിട്ടില്ല. |
| (ബി) 2006 ജനുവരിയിൽ നിർമ്മിച്ച പ്രസ്തുത റോഡിന് സ്വാഭാവി കമായി ഉണ്ടാകാവുന്ന കേടുപാ ടുകൾ യാതൊന്നും ഇല്ലായെന്നത് കണക്കിലെടുത്ത് ഇതൊരു വിജയമാ യിരുന്നുവെന്ന് കരുതാമോ ; | (ബി) പ്രസ്തുത റോഡിന്റെ ഗുണമേന്മ തുടർപഠനങ്ങൾക്കും, നിരീക്ഷണ ത്തിനും വിധേയമാക്കി വരികയാണ്. എന്നാലും സ്വാഭാവികമായി ഉണ്ടാകാവുന്ന കേടുപാടുകൾ ഈ റോഡിന് വന്നിട്ടില്ലായെന്നാണ് വ്യക്തമായിട്ടുള്ളത്. |
| (സി) പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത റോഡിന്റെ ഗുണമേന്മ അറിയുന്നതിന് എത്ര വർഷത്തെ നിരീക്ഷണം ആവശ്യമാണ്: | (സി) മറ്റു റോഡുകളുടെ ഗുണമേന്മയു മായുള്ള താരതമ്യ പഠനം ആയതുകൊണ്ട് 5 വർഷം എങ്കിലും നിരീക്ഷിക്കേണ്ടതുണ്ട്. |

— —

| | |
|---|---|
| (ഡി) തമിഴ്നാട് സർക്കാർ ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി റോഡ് നിർമ്മാണം വിജയകരമായി പിന്തുടർന്നു വരുന്നകാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (ഡി) ഉണ്ട് |
| (ഇ) പ്രസ്തുത സാങ്കേതിക വിദ്യയിലൂന്നിയ റോഡ് നിർമ്മാണംമൂലം ഈടുറ്ററോഡും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകളുടെ നിർമ്മാർജ്ജനവും സാധ്യമാകുമെന്നത് ഗൗരവമായി കണക്കിലെടുക്കുമോ; | (ഇ) & (എഫ്) ഇക്കാര്യം ഗൗരവമായി കണക്കിലെടുത്ത് ഈ സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഓരോ കിലോമീറ്റർ ഗ്രാമീണ റോഡ് തെരഞ്ഞെടുത്ത് നിർമ്മാണം നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിലെ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി 2009-10 സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി റോഡ് നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 200 27-02-2009-ൽ മറുപടിക്ക്

## സ്കൂൾ-കോളേജ് കാമ്പസ്സുകളിൽ മൊബൈൽ ഫോൺ നിരോധിക്കാൻ നടപടി

---

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.രാഘവൻ:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.പി.ടി.എ.റഹീം: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) ക്ലാസ് മുറികളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതുമൂലം വിദ്യാർത്ഥികളിൽ ഉണ്ടായിട്ടുള്ള ദോഷഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>ബി) സ്കൂൾ, കോളേജ് കാമ്പസ്സുകളിൽ മൊബൈൽ ഫോൺ നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) യും ബി)യും<br>സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോൺ പൂർണമായും നിരോധിക്കുന്നതിന് 01-03-2005-ലെ സ.ഉ.(സാധാ) 346/2005/ഉ.വി.വ., 24-06-2005-ലെ സ.ഉ.(സാധാ) 1102/05/ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ആവശ്യമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 01-03-2005-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണുകളുടെ ഉപയോഗം തടയുന്നതിനുവേണ്ടി സ്കൂൾ-കോളേജ് തലങ്ങളിലെയും ജില്ലാ-സംസ്ഥാന തലങ്ങളിലെയും അധ്യാപക-രക്ഷകർത്തൃ സംഘടനകളെയും ഉൾപ്പെടുത്തി എത്തിക്സ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 24-06-2005-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമറാ സംവിധാനമുള്ള മൊബൈൽ ഫോൺ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതുകൊണ്ടുള്ള ദോഷഫലങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില വിദ്യാർത്ഥികൾ എങ്കിലും മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നുണ്ട് എന്ന് പത്രമാധ്യമങ്ങൾ മുഖേനയും അല്ലാതെയും മനസിലാകുന്നുണ്ട്. |
| സി) ഇത് സംബന്ധിച്ച് അടിയന്തരമായി നിയമനിർമാണം നടത്തുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201 · 27-02-2009ൽ മറുപടിയ്ക്ക്

## ബിരുദതല പാഠ്യ പദ്ധതി പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. രാജൻ :<br>ശ്രീ.കെ. അജിത്:<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീമതി. ഇ.എസ്. ബിജിമോൾ:<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ബിരുദതല പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പരിഷ്കരണം ഏത് അദ്ധ്യയന വർഷം മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) ബിരുദ തല പാഠ്യപദ്ധതി പരിഷ്കരണം സംസ്ഥാനത്ത് 2009-2010 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കണമെന്ന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഈ സമ്പ്രദായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ സർവ്വകലാശാലാ തലത്തിൽ നടന്നു വരികയാണ്. |
| (ബി) ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം വിത്ത് ഗ്രേഡിംഗ് എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്. വിദ്യാർത്ഥി കേന്ദ്രീകൃതമായ ബോധന പഠന സമീപനമാണ് 2009-2010 അദ്ധ്യയന വർഷം മുതൽ ബിരുദ തലത്തിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ പ്രധാന സവിശേഷത. കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിലും പഠന പ്രക്രിയയിലും വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങളും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന ചോയ്സ് ബേസ്ഡ് കോഴ്സ് ക്രെഡിറ്റ് സമ്പ്രദായമാണിത്. മൾട്ടി |

ഡിസിപ്ലിനറി സമീപനം, തുടർ മൂല്യ നിർണ്ണയം, ഗ്രേഡിംഗ് എന്നിവയും ഈ സമ്പ്രദായത്തിന്റെ സവിശേഷതകളാണ്. വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി ചേർത്തിട്ടുണ്ട്.

(സി) ഈ പദ്ധതികൾ നടപ്പാക്കുമ്പോൾ പരീക്ഷാ രീതികളിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

(സി) ഇപ്പോൾ നിലവിലുള്ള വർഷാവസാന പരീക്ഷകൾക്കു പകരം ഓരോ സെമസ്റ്ററിന് ശേഷവും നടത്തുന്ന പരീക്ഷകൾ ആയിരിക്കും ഈ സമ്പ്രദായത്തിലുണ്ടാവുക. തുടർ മൂല്യ നിർണ്ണയ രീതിയാണ് മറ്റൊരു പ്രത്യേകത. കൂടാതെ ഇപ്പോൾ നിലവിലുള്ള മാർക്ക് സമ്പ്രദായത്തിന് പകരം നേരിട്ടുള്ള ഗ്രേഡിംഗ് രീതിയും നിലവിൽ വരും.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202

27-2-2009 ൽ മറുപടിയ്ക്ക്

സാംസ്ക്കാരിക ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. കൃഷ്ണപ്രസാദ്:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. വി.ജെ. തങ്കപ്പൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സാംസ്ക്കാരിക ടൂറിസം വികസിപ്പിക്കുന്നതിനായി ഈ സർക്കാർ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | എ) സാംസ്ക്കാരിക ടൂറിസം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ തനതായ നാടോടി-അനുഷ്ഠാന-ക്ലാസിക്കൽ കലാരൂപങ്ങളെ ഉൾപ്പെടുത്തി 'ഉത്സവം' എന്ന ഒരു പരിപാടിയ്ക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |
| ബി) അന്യം നിന്നുപോകുന്ന കലാരൂപങ്ങൾക്ക് സാംസ്കാരിക ടൂറിസം രംഗത്ത് സ്വീകരിച്ച പുതിയ നടപടികളുടെ ഭാഗമായി എന്ത് മാത്രം പ്രയോജനം ലഭിച്ചു എന്ന് വിശദമാക്കുമോ; | ബി) ഉത്സവം പരിപാടിയിലൂടെ അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും അതുവഴി കലാകാരന്മാർക്ക് കൂടുതൽ അവസരം ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ കലാകാരന്മാർക്ക് അർഹിക്കുന്ന പ്രോത്സാഹനവും പ്രതിഫലവും നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ കലാരൂപങ്ങൾ അവതരിപ്പിച്ചതുവഴി അവർക്ക് കൂടുതൽ വേദികൾ ലഭിക്കുന്നതിന് അവസരവും ഉണ്ടായിട്ടുണ്ട്. ഇപ്രകാരം കേരളത്തിന്റെ വൈവിധ്യവും സമ്പന്നവുമായ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് വിനോദസഞ്ചാരികളെ ബോധവാന്മാരാക്കുന്നതിനും അതുവഴി കേരളത്തിലേയ്ക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

———

| | |
|---|---|
| സി) സാംസ്കാരിക ടൂറിസം രംഗത്ത് സ്വീകരിച്ച പുതിയ നടപടികൾ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളിൽ എത്തിക്കാൻ എന്തെല്ലാം പ്രചാരണ പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കുമോ? | സി) സാംസ്കാരിക ടൂറിസം രംഗത്ത് കേരളത്തിന്റെ സാംസ്കാരിക പൈതൃകം വെളിവാക്കുന്ന കലാരൂപങ്ങൾ ടൂറിസം വകുപ്പ് പ്രസിദ്ധീകരിച്ച ബ്രോഷറുകളിലും സി.ഡി. കളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ടൂറിസം വകുപ്പ് വിദേശരാജ്യങ്ങളിലും അന്യ സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന റോഡ്ഷോകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും വിതരണം ചെയ്യുന്നുണ്ട്. 'ഉത്സവം' പരിപാടി സംബന്ധിച്ച ഷെഡ്യൂൾ വിദേശരാജ്യങ്ങളിലും അന്യ സംസ്ഥാനങ്ങളിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിലൂടെയും പ്രചാരണം നടത്തിയിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 203 — 27.02.2009 ൽ മറുപടിക്ക്

## മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. കെ.പി.മോഹനൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. എം. കെ. പ്രേംനാഥ്. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (എ) മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ഈ കേന്ദ്രങ്ങളുടെ പ്രത്യേകത കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. ടൂറിസം വകുപ്പ് മലബാറിലെ വിവിധ പ്രദേശങ്ങളെ ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിക്കുകയും, ഈ പ്രദേശങ്ങളിലെ ടൂറിസം സാധ്യതകളെക്കുറിച്ച് പഠനം നടത്തി ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിന് പ്രത്യേക പരിഗണന നൽകി അംഗീകരിച്ച പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിന് പ്രത്യേക പരിഗണന നൽകി അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| (സി) | പുതിയ ടൂറിസം വികസന പരിപാടികളുടെ മലബാർ മേഖലയിലെ പൊതുവിലുള്ള പുരോഗതി വ്യക്തമാക്കുമോ? | (സി) മലബാറിന്റെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന വിവിധ ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുമായി നിരന്തരം ചർച്ചകൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 204 — 27-2-2009- ൽ മറുപടിയ്ക്ക്

**പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനരീതി പരിഷ്കരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. വി.എസ് സുനിൽ കുമാർ : | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനാണ് എൻട്രൻസ് പരീക്ഷാ സമ്പ്രദായം ഏർപ്പെടുത്തി യിട്ടുള്ളത്; ഈ പരീക്ഷ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുദ്ദേശിക്കുന്നു ണ്ടോ, എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ മെഡിക്കൽ/വെറ്ററിനറി/അഗ്രികൾച്ചറൽ ആന്റ് അലൈഡ് കോഴ്സസ് എന്നീ കോഴ്സുകൾക്കാണ് എൻട്രൻസ് പരീക്ഷാ സമ്പ്രദായം ഏർപ്പെടുത്തി യിട്ടുള്ളത്. ടി പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.<br>+2 മാർക്കിന് വെയിറ്റേജ് ഏർപ്പെടുത്തുക. സംസ്ഥാനത്തെ ഹയർ സെക്കൻഡറി പരീക്ഷ സമ്പ്രദായം പരിഷ്കരിക്കുക, +2 തലത്തിൽ വിവിധ വിഭാഗങ്ങളിൽ (CBSE, ISE, HSC) നിന്നുള്ള അപേക്ഷകരുടെ മാർക്ക് ഏകീകരിക്കുക, പ്രവേശന പരീക്ഷാ ചോദ്യ ബാങ്ക് ഏർപ്പെടുത്തുക തുടങ്ങിയ ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് എൻട്രൻസ് പരീക്ഷാ പരിഷ്കരണ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) പാരാമെഡിക്കൽ കോഴ്സു കളിലേക്കും മറ്റുമുള്ള പ്രവേശനത്തിന് നിലവിലുള്ള എൻട്രൻസ് പരീക്ഷാരീതി കളിൽ മാറ്റം വരുത്തിയി ട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനിട യാക്കിയ കാരണങ്ങൾ വ്യക്തമാക്കുമോ : | (ബി) ഉണ്ട് . മെഡിക്കൽ പ്രവേശനത്തിന് അഖിലേന്ത്യ ക്വാട്ടയിലേക്കുള്ള കുട്ടികളുടെ അലോട്ട്മെന്റ് വൈകുകയും, സുപ്രീം കോടതിയുടെ ഇടപെടലിനെ തുടർന്ന് MBBS/BDS പ്രവേശനത്തിനു ശേഷം മാത്രമേ പാരാമെഡിക്കൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് നടത്താൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യം ഉണ്ടായി. ഇത്തരത്തിലുള്ള അനിയന്ത്രിതമായ കാലതാമസം മൂലം സ്വാശ്രയകോളേജു കൾക്കു പുറമേ |

ഗവൺമെന്റ് കോളേജുകളിൽപോലും അനേകം സീറ്റുകൾ നികത്തപ്പെടാതെ വരുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട്

എന്നാൽ സംസ്ഥാനത്ത് സർവ്വകലാശാലകൾ നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള പ്രവേശനം യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ്. പ്രവേശനത്തിനുള്ള കാലതാമസവും അനിശ്ചിതത്വവും മൂലം അനേകം വിദ്യാർത്ഥികൾ സമീപ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. പ്രവേശന പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്യാമ്പുകളുടെ അഭാവം മൂലവും. കോച്ചിംഗ് ക്ലാസുകളിൽ പോകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടു കാരണവും യോഗ്യതാ പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന പല വിദ്യാർത്ഥികൾക്കും പ്രവേശന പരീക്ഷയിൽ ഉയർന്ന മാർക്ക് നേടാൻ സാധിക്കാതെ വരുന്നു.

മേൽ സാഹചര്യങ്ങൾ കൊണ്ടാണ് പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശന രീതിയിൽ മാറ്റം വരുത്തിയത്.

(സി) നിലവിലുള്ള എൻട്രൻസ് പരീക്ഷകൾ ഉപേക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ?

(സി) നിലവിലുള്ള എൻട്രൻസ് പരീക്ഷാ സമ്പ്രദായം പാടെ ഉപേക്ഷിക്കേണ്ട സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻട്രൻസ് പരിഷ്കരണ സമിതി സമർപ്പിച്ച റിപ്പോർട്ട് സമഗ്രമായ പഠനത്തിന് ശേഷം കാലോചിതമായ പരിഷ്കരണം നടപ്പിൽ വരുത്തുകയാണ് സർക്കാർ നയം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205 — 27-02-2009 - ൽ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ:<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. പി. പി.അബ്ദുള്ളക്കുട്ടി. | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്താനും ആവശ്യമായ ചികിത്സ നൽകുന്നതിനുമായി നിലവിലുള്ള സംവിധാനം എന്താണ്; | (എ) എസ്.എസ്.എ യുടെ ഭാഗമായി ക്യാമ്പുകൾ നടത്തി പ്രശ്ന സാധ്യതയുള്ള എല്ലാ വിദ്യാർത്ഥികളെയും വൈദ്യപരിശോധന നടത്തി പഠന വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും സമാനമായ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ആവശ്യമുള്ള കുട്ടികളെ ചികിത്സിപ്പിക്കുന്നതിനും ഏതെങ്കിലും പഠനോപകരണം നൽകണമെങ്കിൽ അതിനും വേണ്ട നടപടികൾ എടുക്കുന്നുണ്ട്. |
| (ബി) ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) ജില്ലാ വിദ്യാഭ്യാസ ആഫീസ് തലത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി കാഴ്ച വൈകല്യം, ശ്രവണ വൈകല്യം, മാനസിക വൈകല്യം, ശാരീരിക വൈകല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട 40 ശതമാനമോ അതിനുമുകളിലോ വൈകല്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ബുക്ക് / |

സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാവൽ അലവൻസ്, യാത്രാ സഹായിക്കുള്ള അലവൻസ്, വായനാ സഹായിക്കുള്ള അലവൻസ് എന്നീ ഇനങ്ങളിൽ സാമ്പത്തിക സഹായം നൽകി വരുന്നു. ഒന്നു മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾ (വി.എച്ച്.എസ്. ഇ ഉൾപ്പെടെ) ഈ സഹായത്തിന് അർഹരാണ്. സ്കൂളുകളിൽ ഇവരെ പഠന പ്രക്രിയയിൽ സഹായിക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പരസഹായമില്ലാതെ നടക്കാൻ സാധിക്കാത്ത വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ആയമാരുടെ സേവനവും ഏർപ്പെടുത്തിവരുന്നുണ്ട്. റിസോഴ്സ് റൂം സൗകര്യങ്ങൾ, രക്ഷിതാക്കളുടെ ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂളുകളിലെ വാസ്തുവിദ്യാ തടസ്സങ്ങൾ മാറ്റുന്നതിനായുള്ള സഹായങ്ങൾ എന്നീ സഹായങ്ങളെല്ലാം നൽകിവരുന്നുണ്ട്. കൂടാതെ എസ്. എസ്. എൽ. സി . എച്ച്. എസ്. ഇ. വി. എച്ച്. എസ്. ഇ. പൊതു പരീക്ഷ എഴുതുന്ന ഈ വിഭാഗം വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യങ്ങളെല്ലാം നൽകി വരുന്നുണ്ട്.

സർവശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി (ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ) പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ സർവ്വേ
2. മെഡിക്കൽ ക്യാമ്പുകൾ

3. ഉപകരണവിതരണം
4. സാമൂഹിക ബോധവത്കരണ പരിപാടി
5. രക്ഷാകർതൃ ബോധവത്കരണ പരിപാടി
6. സായന്തനവേദി, സഹവാസ ക്യാമ്പുകൾ, പരിഹാര ബോധന ക്ലാസുകൾ
7. റിസോഴ്സ് അദ്ധ്യാപക നിയമനവും പരിശീലനവും
8. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളിൽ അനുയോജ്യമായ മാറ്റം വരുന്ന റാംപുകൾ, റെയിലുകൾ, അനുരൂപീകരണം ചെയ്ത ടോയ്‌ലറ്റുകൾ സ്ഥാപിക്കൽ
9. മോണിറ്ററിംഗും തുടർ പിന്തുണയും
10. പഠനബോധനസാമഗ്രികളുടെ നവീകരണം

(സി) ഈ പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന കണ്ണടയും ശ്രവണസഹായികളും ഗുണനിലവാരമില്ലാത്തവയാണെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്ന ഐ.ഇ.ഡി.സി പദ്ധതിയിൻ കീഴിൽ കണ്ണടയും ശ്രവണ സഹായിയും വിതരണം നടത്തുന്നില്ല. കണ്ണട, ശ്രവണ സഹായി, വീൽ ചെയർ തുടങ്ങി സഹായോപകരണങ്ങൾ വാങ്ങുന്നതിന് ഒരു കുട്ടിയ്ക്ക് പരമാവധി 2000/- രൂപ വരെ നൽകുന്നു. ആവശ്യമായ സാധനങ്ങൾ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയാണ് ചെയ്യുന്നത്. ടെണ്ടർ നടപടികൾ വഴി വാങ്ങുന്നതിനാൽ കുറഞ്ഞ വിലയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങേണ്ടി വരുന്നതിനാൽ

| | | | |
|---|---|---|---|
| | | | സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം വിതരണം ചെയ്ത കണ്ണടകളും ശ്രവണ സഹായികളും ഗുണനിലവാരം കുറഞ്ഞവയാണെന്ന് ചില ജില്ലകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം ഗുണനിലവാരമില്ലാത്ത ഉപകരണങ്ങൾ മാറ്റി പുതിയവ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ദർ അടങ്ങുന്ന സമിതി പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ സാങ്കേതിക ഉപകരണങ്ങൾക്ക് മാത്രമേ ക്വട്ടേഷൻ അനുസരിച്ചുള്ള തുക നൽകുകയുള്ളൂ എന്ന് ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | കണ്ണടയും ശ്രവണസഹായിയും ആറുമാസത്തിലൊരിക്കൽ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | എല്ലാ അധ്യയന വർഷത്തിന്റെയും ആരംഭത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി കണ്ണട, ശ്രവണ സഹായി തുടങ്ങിയവ വിതരണം ചെയ്തു വരുന്നു. ആറുമാസത്തിലൊരിക്കൽ പരിശോധിക്കേണ്ടതിന്റെ ആവശ്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | വൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കാനും അദ്ധ്യാപകർക്ക് നിർദ്ദേശങ്ങൾ നൽകാനുമായി ബ്ലോക്ക് റിസോഴ്സ് സെന്ററിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ? | | സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ആവശ്യമായ പരിശീലന പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 206</u> <u>27.2.2009 ൽ മറുപടിക്ക്</u>

## <u>തീരദേശപാത</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ.കെ.ബാബു: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു തീരദേശപാത നിർമ്മിക്കുവാൻ ആലോചനയുണ്ടോ;<br><br>(ബി) ഈ പാതയുടെ അലൈൻമെന്റ് തീരുമാനിച്ചുവോ ;<br><br>(സി) ഇതിന്റെ ദൈർഘ്യം എത്ര കിലോമീറ്റർ വരുമെന്നറിയിക്കുമോ ;<br><br>(ഡി) ഇതിന്റെ ചെലവെത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ;<br><br>(ഇ) ഈ പാതയുടെ പണി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ? | (എ), (ബി), (സി), (ഡി) & (ഇ)<br><br>സംസ്ഥാനത്ത് പൊന്നാനി മുതൽ ഏലത്തൂർ വരെ തീരദേശപാത നിർമ്മിക്കുന്നതിന് 2009 -2010 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് റൈറ്റ്സ്, നാറ്റ്പാക്ക് എന്നീ സ്ഥാപനങ്ങൾ മുൻപ് പഠനം നടത്തിയിരുന്നു. ഈ രണ്ട് പഠന റിപ്പോർട്ടുകളും കൂടി പരിശോധിച്ച് പ്രസ്തുത തീരദേശ പാതയുടെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കാൻ കേരള റോഡ്സ് & ബ്രിഡ്ജ്സ് ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അലൈൻമെന്റിന് അന്തിമ രൂപം നൽകി റിപ്പോർട്ട് ലഭ്യമായാൽ എത്രയും പെട്ടെന്ന് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |

........ തുടർച്ച

തീരദേശപാത, വലിയഴീക്കൽ മുതൽ ചെല്ലാനം വരെയും ചെല്ലാനം മുതൽ തോപ്പുംപടി വരെയും നിർമ്മിക്കുന്നതിനു സർക്കാർ പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റീച്ചുകൾ ഒഴികെ ഫണ്ട് ലഭ്യമാകാത്ത ഭാഗങ്ങളിൽ റോഡ് - പാലം നിർമ്മാണം ഉൾപ്പെടെ പൂർത്തീകരിക്കുന്നതിനു ആവശ്യമായ ഫണ്ട് ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. തീരദേശ പാതയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് അനുവദിച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 207 — 27/02/2009-ൽ മറുപടിക്ക്

## <u>കേന്ദ്ര സർക്കാരിന്റെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

<u>ചോദ്യം</u>

പ്രൊഫ .കെ. വി.തോമസ് :

<u>ഉത്തരം</u>

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേന്ദ്രസർക്കാരിന്റെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | ബി) | ഒന്നാം ക്ലാസ്സു മുതൽ 8-ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്കാണ് കേന്ദ്രസർക്കാർ പദ്ധതി പ്രകാരം ഉച്ചഭക്ഷണം നല്കുന്നത്. പദ്ധതിയ്ക്കാവശ്യമായ അരിയും പാചക ചെലവുകളും കേന്ദ്ര സർക്കാർ നല്കി വരുന്നു. |
| സി) | ഈ പദ്ധതിയിൽ കേരളത്തിന്റെ സാഹചര്യത്തിനനുസരിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കാനുണ്ടോ ? | സി) | പദ്ധതി പന്ത്രണ്ടാം ക്ലാസ്സു വരെ നടപ്പിലാക്കണമെന്നും ആവശ്യമായ അരിയും മറ്റും കൊണ്ടുപോകുന്നതിനുള്ള സഹായം വർദ്ധിപ്പിക്കണമെന്നും മറ്റും കാലാകാലങ്ങളിൽ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 208 | 27.02.2009-ൽ മറുപടിക്ക്

ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.സാജു പോൾ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) പൊതുജനങ്ങളിൽ വായനാ ശീലം വളർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ആറായിരത്തോളം അഫിലിയേറ്റഡ് ലൈബ്രറികൾ സ്വാഭാവിക പുസ്തക വിതരണം നടത്തുന്നതിനു പുറമെ ; വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി കൗൺസിലിന്റെ ധനസഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് സംസ്ഥാനത്തെ 1000 ഗ്രന്ഥശാലകളിൽ ബാലവേദി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി അഖില കേരള വായന മത്സരം, 1000 ഗ്രന്ഥശാലകളിൽ സ്റ്റുഡൻസ് കോർണർ, സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് 500 ഗ്രന്ഥശാലകളിൽ വനിതാവേദി, എല്ലാ എ, ബി ഗ്രേഡ് ഗ്രന്ഥശാലകളിലും വനിതാ പുസ്തക വിതരണ പദ്ധതി തുടങ്ങിയവ നടത്തിവരുന്നു.<br>ബാലവേദി കേന്ദ്രങ്ങളിലൂടെ ഒരു വർഷം |

ഒരു ലക്ഷത്തോളം കുട്ടികളാണ് ഗ്രന്ഥശാലകളുമായി ബന്ധപ്പെടുന്നത്. അഖില കേരള വായന മത്സരത്തിൽ കഴിഞ്ഞ വർഷം പങ്കു ചേർന്ന ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ എണ്ണം 14 ലക്ഷമാണ്. 26,68,800 ആണ് പ്രതിവർഷം സ്റ്റുഡന്റ്സ് കോർണർ ഉപയോഗിക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണമായി കണക്കാക്കുന്നത്. മൂന്നു ലക്ഷത്തോളം വനിതാവേദി അംഗങ്ങൾ ഗ്രന്ഥശാല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. 72,21,600 പേരാണ് വനിതാ പുസ്തക വിതരണ പദ്ധതിയുടെ ഗുണ ഭോക്താക്കളായി കണക്കാക്കിയിട്ടുള്ളത്.

യുവാക്കളുടേയും സർവ്വകലാശാലാ വിദ്യാർത്ഥികളുടേയും വായനയെ കേന്ദ്രീകരിച്ചാണ് പ്രധാനമായും അക്കാദമിക് സ്റ്റഡി സെന്ററുകൾ, കരിയർ ഗൈഡൻസ് സെന്ററുകൾ, താലൂക്ക് റഫറൻസ് ലൈബ്രറികൾ എന്നിവയും പ്രവർത്തിക്കുന്നത്. ഓരോ താലൂക്കിലുമുള്ള റഫറൻസ് ലൈബ്രറികൾ മാത്രം കഴിഞ്ഞ വർഷം അഞ്ചുലക്ഷത്തിലേറെ പേർ പ്രയോജനപ്പെടുത്തി.

ജയിൽ ജുവനൈൽഹോം ലൈബ്രറി സർവ്വീസ്, ഹോസ്പിറ്റൽ ലൈബ്രറി സർവ്വീസ്, ട്രൈബൽ ലൈബ്രറികൾ, ഓർഫനേജ് ലൈബ്രറി സർവ്വീസ് എന്നിങ്ങനെ എല്ലാ മേഖലകളിലും തന്നെ വായനയുടെ സംസ്കാരം കൊണ്ടുവരുവാൻ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഗുണാംശങ്ങൾ സ്വാംശീ കരിച്ച് ഇന്റർനെറ്റ് സംവിധാനത്തോടെ ഗ്രന്ഥശാലകളെ നവീകരിക്കുകയും ഇ-റീഡിംഗിന് സഹായിക്കുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റുകൾ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (സി) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിലവിൽ വന്നതിനുശേഷം ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് 1996, 2006, 2008 എന്നീ വർഷങ്ങളിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പുസ്തകമേളകൾ സംഘടിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ പ്രോത്സാഹിപ്പിക്കുമോ ; | (ഡി) | ജില്ലാ ലൈബ്രറി കൗൺസിലുകൾ നേതൃത്വം നൽകി ജില്ലാ വികസന സമിതികളാണ് പുസ്തക മേളകൾ സംഘടിപ്പിക്കുന്നത്. അതത് ജില്ലകളിലാണ് പുസ്തക മേളകളുടെ സംഘാടനം സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതും നടപ്പിലാക്കുന്നതും. ചെറുതും വലുതുമായ എല്ലാ പ്രസാധകരേയും ഈ മേളകളിൽ പങ്കുചേർക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. |
| (ഇ) | സ്കൂൾ - കോളേജ് വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ലക്ഷ്യമാക്കി അന്താരാഷ്ട്ര പുസ്തകമേളകൾ സംഘടിപ്പിക്കുമോ ; | | സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ലക്ഷ്യമാക്കി അന്താരാഷ്ട്ര പുസ്തക മേളകൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | പുസ്തക മേളകൾ സാംസ്കാരികോത്സവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | ജില്ലാ ലൈബ്രറി കൗൺസിലുകൾ നേതൃത്വം നൽകി സംഘടിപ്പിക്കുന്ന പുസ്തകമേളകൾ സാംസ്കാരി കോത്സവമായി തന്നെയാണ് ഇപ്പോഴും സംഘടിപ്പിക്കുന്നത്. പുസ്തകമേള നടക്കുന്ന എല്ലാ ദിവസങ്ങളിലും സാംസ്കാരിക പരിപാടികൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

— — — —

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** 27-02-2009ൽ മറുപടിയ്ക്ക്

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ : | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടുത്ത വർഷം പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള മാർഗരേഖകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ബന്ധപ്പെട്ട സർവ്വകലാശാലകളുടെയും എൻ.സി.റ്റി.ഇ., എ.ഐ.സി.ടി.ഇ, ആർ.സി.ഐ. മുതലായ റഗുലേറ്ററി ബോഡികളുടെയും അംഗീകാരം ലഭിച്ചിട്ടുള്ള സ്വാശ്രയ സ്ഥാപനങ്ങൾ സർക്കാരുമായി ഒരു നിശ്ചിത എഗ്രിമെന്റിൽ ഏർപ്പെടുന്ന പക്ഷം അവയ്ക്ക് പ്രവർത്തനാനുമതി നൽകാമെന്നും സർക്കാർ/ എയ്ഡഡ് മേഖലയിൽ തത്കാലം പുതിയ കോളേജുകളോ കോഴ്സുകളോ ആരംഭിക്കേണ്ടതില്ലെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള കോളേജുകളിൽ പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിന് എത്ര കോളേജുകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട് ; | (ബി) | 65 കോളേജുകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. കോളേജുകളുടെ പട്ടിക അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കോളേജ് വിദ്യാഭ്യാസ ഡയറക്ടറും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും ഏതെല്ലാം കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട് ; | (സി) | അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തെങ്കിലും ശുപാർശ നൽകിയിട്ടുണ്ടോ ; | (ഡി) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശകൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) | കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നൽകുന്ന അധിക സാമ്പത്തിക ബാദ്ധ്യതയുൾപ്പെടെയുള്ള പ്രൊപ്പോസലുകൾ ധന വകുപ്പ് അംഗീകരിക്കുന്ന മുറയ്ക്ക് സർക്കാർ മേഖലയിലും, ആവശ്യമായ എല്ലാ അക്കാദമിക അംഗീകാരങ്ങളും നേടിയിട്ടുള്ള സ്വാശ്രയ സ്ഥാപനങ്ങൾ സർക്കാരുമായി നിശ്ചിത എഗ്രിമെന്റിൽ ഏർപ്പെടുന്ന മുറയ്ക്ക് ആ സ്ഥാപനങ്ങളിലും പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

— — —

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ :210

27-2-2009-ൽ മറുപടിക്ക്

## ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെൻറ് കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം ഡെസ്റ്റിനേഷൻ മാനേജ് മെൻറ് കൗൺസിൽ മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നറിയിക്കാമോ; | (എ) ടൂറിസം ഡെസ്റ്റിനേഷനുകളിൽ പദ്ധതികൾ നല്ല രീതിയിൽ പൂർത്തിയാക്കുവാനും, അതാത് പദ്ധതികൾ ഏറ്റെടുക്കുവാനും പരിപാലിക്കാനും, ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷ, സംരക്ഷണം, അനധികൃത കൈയ്യേറ്റം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിനും നടത്തിപ്പിനും വേണ്ടിയാണ് സർക്കാർ ഡെസ്റ്റിനേഷൻ മാനേജ്മെൻറ് കൗൺസിലുകൾ രൂപീകരിച്ചത്. ഉത്തരവിൻെറ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ആഭ്യന്തര ടൂറിസം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ടൂറിസ്റ്റ് റിസോർഴ്സ് സെൻററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) ആഭ്യന്തര ടൂറിസം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ടൂറിസ്റ്റ് റിസോർഴ്സ് സെൻററുകൾ ആരംഭിക്കുന്ന ഒരു പദ്ധതിയും ടൂറിസം വകുപ്പിൻെറ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.